അസ്പഷ്ട വർത്മനാം പുംസാമലോകപഥമീയുഷാം
ആസ്ഥിതാ: പദവീം സുഭ്രൂ: പ്രായ: സീദന്തി യോഷിത: **(10-60-13)**
നിഷ്കിഞ്ചനാവയം ശശ്വന്നിഷ്കിഞ്ചനജനപ്രിയാ:
തസ്മാത് പ്രായേണ ന ഹ്യാഢ്യാ മാം ഭജന്തി സുമധ്യമേ **(10-60-14)**
യയോരാത്മസമം വിത്തം ജൻമൈശ്വര്യാ കൃതിർഭവ:
തയോർവ്വിവാഹോ മൈത്രീ ച നോത്തമാധമയോ: ക്വചിത് **(10-60-15)**
ഉദാസീനാ വയം നൂനം ന സ്ത്ര്യപത്യാർത്ഥ കാമുകാ:
ആത്മലബ്ധ്യാ$ff$സ്മഹേ പൂർണ്ണാ ഗേഹയോർജ്ജ്യാതിരക്രിയ: **(10-60-20)**

*ശുകമുനി തുടർന്നു:*
ഒരു ദിനം ഭഗവാൻ തോഴികളാൽ സേവിക്കപ്പെട്ട് രാജകൊട്ടാരത്തിൽ വിശ്രമിക്കുകയായിരുന്നു. ഭഗവാനിൽ അതീവഭക്തിയുള്ള രുഗ്മിണി ഒരു തോഴിയുടെ കയ്യിൽ നിന്നും വീശറി വാങ്ങി ഭഗവാനെ വീശിത്തുടങ്ങി. കാഴ്ചക്ക് രുഗ്മിണി അതീവ സുന്ദരിയായി കാണപ്പെട്ടു. ഭഗവാനെ പ്രേമപൂർവ്വം കടാക്ഷിച്ചു കൊണ്ട് അദ്ദേഹത്തെ പരിസേവിക്കുന്നതിൽ വ്യാപൃതയായിരുന്നു രുഗ്മിണി. മുഖദാവിലും ചുണ്ടത്തും വിളയാടുന്ന പുഞ്ചിരിയോടെ കൃഷ്ണൻ അവളോട് പറഞ്ഞു: പ്രിയേ, എന്നെ ഭർത്താവായി തിരഞ്ഞെടുക്കാൻ നീ എന്തുകൊണ്ടു തുനിഞ്ഞു എന്ന് ഞാൻ അത്ഭുതപ്പെട്ടു പോവുന്നു. മറ്റു രാജകുമാരൻമാരെല്ലാം വലിയ വീരൻമാരും സമ്പന്നരും ശക്തൻമാരുമാണല്ലോ. നീയാണെങ്കിൽ രാജകുമാരി. ഞാൻ നിനക്ക് തുല്യനല്ലതന്നെ. വാസ്തവത്തിൽ ദുഷ്ടരായ രാജാക്കൻമാരെ ഭയന്ന് ഞാൻ കടലിൽ, ദ്വാരകയിൽ അഭയം പ്രാപിച്ചിരിക്കുന്നു. മാത്രമല്ല സ്ഥിരമായൊരു തൊഴിലില്ലാത്തവനെയും പൊതുജനങ്ങളിൽ നിന്ന് വിഭിന്നനായവനെയും വിവാഹം ചെയ്യുകയെന്നാൽ ദുരിതങ്ങൾ സ്വയംവരിക്കുക എന്നർത്ഥം. ഞങ്ങൾ അഗതികളാണ്. ഞങ്ങളെ ആശ്രയിച്ച് കഴിയുന്നവരും തഥൈവ. പൊതുവെ പറഞ്ഞാൽ സമ്പന്നരും പ്രൗഢരും എൻെറ സൗഹൃദം കാംക്ഷിക്കുന്നില്ല. അതുല്യരായവരുമായുള്ള വിവാഹബന്ധുത്വം, സമ്പത്ത്, കുലം, ശക്തി, ഭാവി എന്നിവയെപ്പറ്റി ആലോചിച്ചാൽ അഭിലഷണീയമല്ല. ചിലപ്പോൾ എനിക്ക് തോന്നും നിനക്കു തെറ്റുപറ്റിയാണ് എന്നെ ഇങ്ങിനെ തിരഞ്ഞെടുത്തതെന്ന്. എന്നെ വാഴ്ത്തുന്നത് ഭിക്ഷാംദേഹികൾ മാത്രമാണ്. എനിക്കാണെങ്കിൽ ഗുണഗണങ്ങളുമില്ല. ഇപ്പോഴും നിൻെറ തെറ്റു തിരുത്താൻ വൈകിയിട്ടില്ല. നിനക്ക് അനുയോജ്യനായ ഒരാളെ തിരഞ്ഞെടുത്താലും. മാത്രമല്ല രാജാക്കൻമാരെല്ലാം -നിൻെറ ജ്യേഷ്ഠനടക്കം- എന്നോട് ശത്രുതയിലുമാണ്. അവരുടെ അഹങ്കാരമടക്കാൻ ഞാൻ നിന്നെ തട്ടിക്കൊണ്ടുപോന്നു എന്നേയുള്ളു. വാസ്തവത്തിൽ എനിക്ക് സ്ത്രീകളിലും കുട്ടികളിലും സ്വത്തിലും കമ്പമൊന്നുമില്ല. വീട്ടിൽ പ്രകാശിക്കുന്ന ഒരു വിളക്കുപോലെ ഞാൻ നിലകൊള്ളുന്നു. അത്രമാത്രം.”

രുഗ്മിണിക്ക് ആ വാക്കുകൾ വേദനാജനകമായിരുന്നു. കണ്ണീരുകൊണ്ട് കാഴ്ചമങ്ങി. തുടിപ്പാർന്ന ഹൃദയത്തോടെ വിശറി പിടിക്കാൻപോലും കൈകൾക്ക് ശേഷിയില്ലാതെ രുഗ്മിണി മോഹാലസ്യപ്പെട്ടു വീണു. കൃഷ്ണൻ വെറും തമാശയ്ക്ക്, രണ്ടു രീതിയിൽ വ്യാഖ്യാനിക്കപ്പെടാവുന്ന രീതിയിൽ രുഗ്മിണയെ കളിയാക്കിയതാണ്. ആ വാക്കുകൾ രുഗ്മിണിയെ വേദനിപ്പിച്ചുവെന്നറിഞ്ഞ കൃഷ്ണനും വ്യാകുലപ്പെട്ടു. ആലിംഗനം ചെയ്തു തലോടി ബോധവതിയാക്കി ഭഗവവാൻ തൻെറ പ്രേമം അവളെ അറിയിച്ചു. അവളുടെ പ്രതികരണമറിയാനായി ചെയ്തതാണിതെന്നും കൃഷ്ണൻ പറഞ്ഞു. ഇതാണ് ഗൃഹസ്ഥൻെറ സന്തോഷം. തൻെറ സഹധർമ്മിണിയുമായി കുറച്ചു നേരമെങ്കിലും സല്ലപിക്കാൻ സാധിക്കുക.